പതിനാലാം കേരള നിയമ സഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6353 — 21.11.2019- ൽ മറുപടിക്ക്

## ഏറനാട് മണ്ഡലത്തിൽ പ്രളയാനന്തരം നാശം സംഭവിച്ച പാലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം ഉണ്ടായ പ്രളയം മൂലം റോഡുകൾക്കും പാലങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങളുടെ തോത് എത്രയാണ്; എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി എന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ 5031.51 കി.മീ-ലായി റോഡുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. സംരക്ഷണഭിത്തി, കലുങ്കുകൾ മുതലായവയ്ക്ക് നാശനഷ്ടങ്ങളും ഉപരിതലത്തിന് കേടുപാടുകളും സംഭവിച്ചിട്ടുണ്ട്. ആകെ 2958.33 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചതായാണ് വിലയിരുത്തിയിട്ടുള്ളത്.<br>മലപ്പുറം ജില്ലയിലെ കൈപ്പിനിക്കടവ് പാലം, കോഴിക്കോട് ജില്ലയിലെ പോത്തുണ്ടിപാലം, നടത്തോട് പാലം എന്നീ മൂന്നു പാലങ്ങൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. പാലങ്ങളുടെ കൈവരി തകർന്നത് ഡെക്ക് സ്ലാബ് നിരങ്ങി നീങ്ങിയത് സംരക്ഷണ ഭിത്തിയ്ക്ക് കേടുപാടു സംഭവിച്ചത് അബട്ട്മെന്റിന് കേടുപാടു സംഭവിച്ചത് എന്നിവ പരിഹരിക്കുന്നതിലേയ്ക്കായും, പൂർണ്ണമായി തകർന്ന മൂന്നു പാലങ്ങളുടെ പുനർ നിർമ്മാണത്തിനും കൂടി 42.45 കോടി രൂപ ആവശ്യമുണ്ട്. |
| (ബി) ഇവയുടെ പുനരുദ്ധാരണത്തിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (ബി) എല്ലാ റോഡുകളിലും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടർച്ചയായ മഴമൂലം റോഡുകളുടെ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സം നേരിടുന്നുണ്ട്.<br><br>പൂർണ്ണമായി തകർന്ന മൂന്ന് പാലങ്ങൾക്ക് 17.20 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഫ്ളഡ് ഡാമേജ് റിപ്പയർ, ഓർഡിനറി റിപ്പയർ എന്നീ വിഭാഗത്തിൽ പാലങ്ങൾക്ക് 23.80 കോടി രൂപയുടെ ഭരണാനുമതി നോൺ പ്ലാൻ ഇനത്തിൽ നൽകിയിട്ടുണ്ട്. പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പാലങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (സി) | പാലങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (ഡി) | ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കും പാലങ്ങൾക്കുമാണ് പ്രളയത്തിൽ നാശം സംഭവിച്ചത്; എങ്കിൽ അവയുടെ സമയബന്ധിത പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ? | (ഡി) | കൊയിലാണ്ടി-എടവണ്ണ റോഡ്, അകമ്പാടം-പാതാർ റോഡ്, നിലമ്പൂർ-വാളംതോട് റോഡ്, നായാടംപൊയിൽ-വെണ്ടേക്കുംപൊയിൽ റോഡ്, മണ്ണപ്പാടം-എരഞ്ഞിമങ്ങാട് റോഡ്, ഇരുവേറ്റി-ആമയൂർ റോഡ്, അരീക്കോട്-മഞ്ചേരി റോഡ് എന്നീ റോഡുകൾക്കാണ് നാശം സംഭവിച്ചത്. ഇവയുടെ അറ്റകുറ്റ പണികൾക്കായി 150 ലക്ഷം വീതം 2 ഘട്ടങ്ങളിലായി അനുവദിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>ഏറനാട് മണ്ഡലത്തിലെ അരിക്കോട് പാലത്തിന്റെ അനുബന്ധറോഡിനും എടവണ്ണ സീതിഹാജി പാലത്തിനും ആണ് വെള്ളപ്പൊക്കത്തിൽ അപാകത സംഭവിച്ചത്. എടവണ്ണ പാലത്തിന്റെ അടിയന്തിര അറ്റകുറ്റപണികൾക്ക് 4 ലക്ഷം രൂപയും അരിക്കോട് പാലത്തിനും നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പാലങ്ങൾക്കുമായി 10.75 ലക്ഷം രൂപയും താത്ക്കാലികമായി അനുവദിച്ചിട്ടുണ്ട്. ശാശ്വത പരിഹാരത്തിന് വേണ്ടി ഓരോ പാലത്തിന്റെയും 250 ലക്ഷം രൂപയുടെ റീഹാബിലിറ്റേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി റീഹാബിലിറ്റേഷൻ നടത്തുവാനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ